"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീ.യാസിൽ കുഞ്ഞ് എ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1326/2023/LSGD തീയതി,തിരുവനന്തപുരം, 27-06-2023

---

പരാമർശം:- 1. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04.04.2022ലെ ഇ3-364-2020 നമ്പർ നടപടിക്രമം

2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.03.2023 തീയതിയിലെ എൽഎസ്ജിഡി/പിഡി/11327/2023-ഡിഇസി3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിൽ 06.10.2017 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.യാസിൽ കുഞ്ഞ് .എ. നിശ്ചിത സമയത്തിനകം പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതയായ എം.ഒ.പി. പരീക്ഷ പാസ്സാകാത്തതിനാൽ പരാമർശം(1) പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 06.10.2019 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിരുന്നുവെന്നും ടിയാൾ 23.09.2021-ന് എം.ഒ.പി പരീക്ഷ പാസ്സായിട്ടുണ്ടെന്നും. ക്ലാർക്ക് തസ്തികയിൽ ടിയാന്റെ സർവ്വീസ് ക്രമീകരിച്ചിട്ടുണ്ടെന്നും, ടിയാന്റെ പേരിൽ നിലവിൽ വകുപ്പ് തല വിജിലൻസ് കേസ് നിലവിലില്ലെന്നും ടിയാളുടെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും ഈ സാഹചര്യത്തിൽ ശ്രീ.യാസിൽ കുഞ്ഞ്.എ-യുടെ പ്രൊബേഷൻ കാലയളവ് 06.10.2020 മുതൽ 25.09.2021 AN വരെ ദീർഘിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2 പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീ.യാസിൽ കുഞ്ഞ് എ യുടെ പ്രൊബേഷൻ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ച 23.09.2021 ന്റെ തൊട്ടടുത്ത ദിവസമായ 24.09.2021 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSR Part II ചട്ടം 21-ലെ വ്യവസ്ഥകൾക്ക് വിധേയമായി 06.10.2020 മുതൽ 25.09.2021 AN വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടിസെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയം ഭരണ വകുപ്പ് ,തിരുവനന്തപുരം
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ( പ്രിൻസിപ്പൽ ഡയറക്ടർ, മുഖാന്തിരം)
3.സെക്രട്ടറി, കോയിപ്രം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട( പ്രിൻസിപ്പൽ ഡയറക്ടർ. മുഖാന്തിരം)
4.ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
5.എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
6.കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ ഇപിഎ1/72/2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 27-06-2023 12:11:53

സെക്ഷൻ ഓഫീസർ